**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Seeram Sambasiva Rao IAS)

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം - മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് ശ്രീമതി.റുംല-യെ ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ .LSGD/PD/34194/2024-GEA3 തീയതി:24-02-2025**

പരാമർശം:

1) എറണാകുളം ജില്ലാ ജോയിൻറ് ഡയറക്ടറുടെ 17.07.2024 - ലെ LSGD/JD/EKM/11095/2023-D10 നമ്പർ കത്ത്.
2) ശ്രീമതി.റംലയുടെ 22.06.2024 തിയതിയിലെ അപേക്ഷ.
3) എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.1999 ലെ ഇ4-6959/99 നമ്പർ ഉത്തരവ്.
4) ഈ ആഫീസിലെ 16.12.2024-ലെ ഇതേ നമ്പർ നോട്ടീസ്.

**ഉത്തരവ്**

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൻറെ ഭാഗമായ മുൻപഞ്ചായത്ത് വകുപ്പിൽ ഭിന്നശേഷിക്കാരായ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിൻറെ ഭാഗമായി പരാമർശം (3) ഉത്തരവ് പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുകയും അതേ തസ്തികയിൽ തുടരുകയും ചെയ്യുന്ന ശ്രീമതി.റുംല -യുടെ (നിലവിൽ എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമ പഞ്ചായത്തിലെ ക്ലർക്ക്) പേര് അക്കാലയളവിലെ പഞ്ചായത്ത് ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്ത് വകുപ്പിൽ 01.06.1997 മുതൽ 31.12.1999 വരെയുള്ള കാലയളവിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ശ്രീമതി.റുംല ഉൾപ്പെടേണ്ടതായിരുന്നു. ഈ സാഹചര്യത്തിൽ ശ്രീമതി.റുംലയെ ടിയാളുടെ നിയമന ഉത്തരവ് തീയതിയായ 03.08.1999 അടിസ്ഥാനമാക്കി മുൻ പഞ്ചായത്ത് വകുപ്പിലെ 01.06.1997 മുതൽ 31.12.1999 വരെയുള്ള ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാന തല സീനിയോരിറ്റി പട്ടികയിൽ ക്രമ നമ്പർ.1477 ശ്രീമതി.വി.സുകുമാരിയ്ക്കും ക്രമ നമ്പർ.1478 ശ്രീ.എൻഎസ്.സാജനും മധ്യേ ക്രമ നം.1477 A ആയി താത്ക്കാലികമായി ഉൾപ്പെടുത്തി പരാമർശം(4) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ഇപ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചതിൽ മറ്റ് ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി. റുംല-യെ മുൻ പഞ്ചായത്ത് വകുപ്പിലെ 01.06.1997 മുതൽ 31.12.1999 വരെയുള്ള ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാനതല സീനിയോരിറ്റി പട്ടികയിൽ ക്രമ നമ്പർ 1477 ശ്രീമതി.വി.സുകുമാരിയ്ക്കും ക്രമ നമ്പർ 1478 ശ്രീ.എൻ.എസ്.സാജനും മധ്യേ ക്രമ നം. 1477 A ആയി ഉൾപ്പെടുത്തി സീനിയോരിറ്റി പട്ടിക പുനക്രമീകരിച്ചും ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും.

2. ശ്രീമതി. റുംല (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. സിസ്റ്റം സൂപ്പർ വൈസർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജൂനിയർ സൂപ്രണ്ട്,DEC-സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
5. കരുതൽ/അധികം